(ഡി) ഇക്കാര്യത്തിൽ നിഷ്പക്ഷവും നീതിപൂർവ്വകവുമായ ഒരു അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ, ബി) സംസ്ഥാന പോലീസ് സേനയിലേക്ക് ഈ അടുത്ത കാലത്ത് നടന്ന റിക്രൂട്ട്മെന്റിനെപ്പറ്റി 9 പരാതികളും കിട്ടിയിട്ടുണ്ട്.

(സി) ഈ പരാതികളെക്കുറിച്ച് അന്വേഷണം നടത്തി മേൽ നടപടികളും സ്വീകരിക്കുകയും പരാതിക്കാർക്ക് മറുപടി കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വേണ്ട നടപടികളും എടുത്തു കഴിഞ്ഞ സ്ഥിതിക്ക് വീണ്ടും ഒരു അന്വേഷണത്തിന്റെ ആവശ്യമില്ല.

## 'കൈരളി'യെക്കുറിച്ചുള്ള അന്വേഷണം

*15[15] ശ്രീ. ചടയൻ ഗോവിന്ദൻ:

,, പി. കരുണാകരൻ:

,, പിണറായി വിജയൻ:

,, എം. വി. രാഘവൻ:

,, ടി. കെ. അബ്ദു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഷിപ്പിംഗ് കോർപ്പറേഷന്റെ വക കപ്പലായ കൈരളി കാണാതായ വിവരം എന്നാണ് ഗവൺമെന്റിനെ അറിയാൻ കഴിഞ്ഞത്;

(ബി) എന്നുമുതൽ ഏതെല്ലാം രൂപത്തിലുള്ള അന്വേഷണങ്ങളും ഗവൺമെന്റ് നടത്തി; അന്വേഷണങ്ങളും ഏതു ഘട്ടത്തിൽ ഇരിക്കുന്നു;

(സി) കപ്പൽ നഷ്ടപ്പെട്ട വിവരം കേന്ദ്രഗവൺമെന്റിനെ അറിയിച്ചതും അന്വേഷണം നടത്തുന്നതിനുള്ള അഭ്യർത്ഥന കേന്ദ്രത്തോടു നടത്തിയതും ഏതു തീയതിക്കാണ്;

(ഡി) കപ്പലിൽ ആകെയുണ്ടായിരുന്ന ജീവനക്കാർ എത്ര; കപ്പൽ കാണാതായതിനുശേഷം ജീവനക്കാരുടെ ശമ്പളം അവരുടെ കുടുംബാംഗങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(ഇ) അന്വേഷണത്തിന് ഇതുവരെ എന്തു തുക ചെലവായി;

(എഫ്) കപ്പലിലെ ജീവനക്കാരുടെ ആശ്രിതർക്ക് നഷ്ട പരിഹാരം കൊടുക്കുന്നതു സംബന്ധിച്ച നടപടികളും എവിടംവരെയായി;

(ജി) നഷ്ടപരിഹാരത്തുക എത്രയെന്നു നിശ്ചയിച്ചു കഴിഞ്ഞോ; എപ്പോൾ വിതരണം നടത്താൻ കഴിയും?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) 12-7-1979-നാണ് കൈരളി നേരത്തെ നിശ്ചയിച്ചിരുന്ന പ്രകാരം 8-7-1979-നു വൈകുന്നേരം ജിബുട്ടിയിൽ എത്തിയില്ലെന്ന വിവരം ഗവൺമെന്റിനറിയാൻ കഴിഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാധാരണ ഗതിയിൽ 8-7-1979-നു കപ്പൽ ജിബ്രുട്ടറിയിൽ എത്തിയിരുന്നെങ്കിൽ 9-7-1979-ന് എണ്ണ നിറച്ച് വീണ്ടും യാത്ര തുടർന്നു വെന്നുള്ള വിവരം ക്യാപ്റ്റനും ചെന്നിയുടെ ഏജൻറും കോർപ്പറേഷനെ അറിയിക്കേണ്ടതായിരുന്നു. ഈങ്ങനെ വിവരം കിട്ടാതിരുന്നപ്പോൾ കോർപ്പറേഷൻ ജിബ്രുട്ടറിയിലുള്ള ഏജൻറായ മിൽക്കോടിന് 10-7-1979-ന് ഒരു കമ്പി സന്ദേശം അയച്ചു. അതിനുള്ള മറുപടിയായി 11-7-1979-ന് ഏജൻറിൽനിന്നും കമ്പി കിട്ടിയപ്പോഴാണ് കപ്പൽ ജിബ്രുട്ടറിയിൽ എത്തിയില്ലെന്ന് കോർപ്പറേഷൻ അറിയുന്നത്. അതനുസരിച്ചു ലണ്ടനിലെ പോർട്ടി ഷെഡ്റേഡിയോവിനെ ഈ വിവരം അറിയിക്കുകയും കപ്പൽ തിരയുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു. തുടർന്ന് 12-7-1979-ന് ഷിപ്പിംഗ് ഡയറക്ടർ ജനറലിന് വിവരം നൽകുകയും കപ്പൽ കണ്ടുപിടിക്കുന്നതിന് കൈക്കൊള്ളേണ്ട നടപടികളെ ആരായുകയും ചെയ്തു. 12-7-1979-ന് കൊച്ചിയിലെ നേവൽ ഹെഡ്കാർട്ടേഴ്സിൽ വിവരം അറിയിക്കുകയും അതിൻറെ അടിസ്ഥാനത്തിൽ അറബിക്കടലിൽ സഞ്ചരിക്കുന്ന എല്ലാ കപ്പലുകൾക്കും കൈരളി കാണാതായ വിവരം നേവി എത്തിക്കുകയും കപ്പൽ കണ്ടുപിടിക്കാൻ അപേക്ഷിക്കുകയും ചെയ്തു. 13-7-1979 മുതൽ 18-7-1979 വരെ ഇൻഡ്യൻ നാവികസേന 134,900 ച: മൈൽ വിസ്തീർണ്ണം വരുന്ന കടലിൽ തിരച്ചിൽ നടത്തി. നാവിക കപ്പലുകൾ ഉപയോഗിച്ചും വിമാനങ്ങൾ ഉപയോഗിച്ചുമാണ് തിരച്ചിൽ നടത്തിയിരുന്നത്. 13-7-1979-ന് ലണ്ടനിലെ ലോയിഡ്സ് .ഇൻഷുറൻസ് ഡിപ്പാർട്ടുമെൻറിനെ വിവരം അറിയിക്കുകയും അവർ തിരച്ചിൽ തുടങ്ങുകയും ചെയ്തു. ഇതിനുപുറമെ അമേരിക്ക, റഷ്യ, സോമാലിയ, യമൻ റിപ്പബ്ലിക്ക് എന്നീ ഗവൺമെൻറുകളുടെ സഹായവും കൈരളി കണ്ടുപിടിക്കുന്നതിന് വേണ്ടി അഭ്യർത്ഥിച്ചു. അന്വേഷണം നടത്തിയ എല്ലാ ഏജൻസികളും കപ്പലിനെക്കുറിച്ച് യാതൊരു വിവരവും ലഭിച്ചില്ലെന്നാണ് അറിയിച്ചത്. 20-8-1979-ാം തീയതി ലോയിഡ്സ് കൈരളിയെ ''കാണാതായ പട്ടിക''യിൽ പെടുത്തിയിരിക്കുകയാണ്. സാദ്ധ്യമായ എല്ലാ ശ്രമങ്ങളും നടത്തിക്കഴിഞ്ഞിരിക്കെ ഇപ്പോൾ പ്രത്യേകമായ ഒരന്വേഷണവും നടത്തുന്നില്ല.

(സി) 13-7-1979-ന്.

(ഡി) കപ്പലിൽ 49 ജീവനക്കാർ ഉണ്ടായിരുന്നു. അവർക്കുപുറമെ ചീഫ് എൻജിനീയറുടെ പത്നിയും ഒരു കുഞ്ഞും കപ്പലിൽ ഉണ്ടായിരുന്നു. കപ്പൽ കാണാതായ ശേഷവും ജീവനക്കാർക്കുള്ള അലോട്ടുമെൻറ് ജൂലായ് ആഗസ്റ്റ് എന്നീ മാസങ്ങളിലേക്കുള്ളത് അവരുടെ കുടുംബാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ഇ) കൃത്യമായി പറയുവാൻ കഴിയുകയില്ല. നാവികസേന, ലോയിഡ്സ്, മിൽക്കോട് മാർക്കോണി ഇൻറർ നാഷനൽ എന്നിവരിൽ നിന്ന് ചിലവുകളുടെ കണക്ക് ലഭിച്ചുകഴിഞ്ഞിട്ടില്ല.

(എഫ്) കപ്പൽ നഷ്ടപ്പെട്ടുവെന്ന് അനുമാനിക്കാമെങ്കിലും കപ്പലിലുണ്ടായിരുന്ന ജീവനക്കാരും നഷ്ടപ്പെട്ടിരിക്കാമെന്ന് ഔദ്യോഗികമായി അനുമാനിക്കണമെങ്കിൽ കപ്പലിൽ നിന്ന് അവസാന സന്ദേശം ലഭിച്ച തീയതി മുതൽ 12 മാസം കാത്തിരിക്കേണ്ടതാണ്. കപ്പലിൽനിന്നും അവസാനമായി സന്ദേശം അയച്ചത് 3-7-1979-നാണ്. അതിനുശേഷം മാത്രമേ നഷ്ടപരിഹാരം സാങ്കേതികമായി നൽകാനാവൂ. എന്നിരുന്നാലും നഷ്ടപരിഹാരത്തുകയിൽനിന്ന് അവർക്ക് അവകാശ സർട്ടിഫിക്കറ്റിൻറെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ അഡ്വാൻസ് നൽകാൻ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് തീരുമാനിച്ചിരിക്കുന്നു. ഈ വിവരം ബന്ധുക്കളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ജി) നഷ്ടപരിഹാരത്തുക നിശ്ചയിക്കേണ്ടത് എ. എൻ. എസ്. എ. എം. യു. ഐ. എഗ്രിമെന്റ് നാഷനൽ മെറിടൈം ബോർഡ് എഗ്രിമെന്റ് പെട്ടി ആഫീസേഴ്സ് എഗ്രിമെന്റ് ഇവയിലെ നിബന്ധനകൾ അനുസരിച്ചാണ്. ആപ്പീസർമാർ പെട്ടി ആപ്പീസർമാർ, സീമെൻ (ക്രൂ) എന്നിവർക്ക് നൽകാവുന്ന നഷ്ടപരിഹാരത്തുക നിശ്ചയിച്ചു കഴിഞ്ഞു. കപ്പലിൽ രണ്ടു കേഡറ്റുകളും ഒരു റേഡിയോ ട്രെയിനിയും ഉണ്ടായിരുന്നു. അവർക്ക് മേൽപ്പറഞ്ഞ എഗ്രിമെന്റുകളൊന്നും ബാധകമല്ല. അവർക്ക് വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ടനുസരിച്ച് നഷ്ടപരിഹാരം നൽകേണ്ടിവരും. അതെത്രയെന്ന് നിശ്ചയിച്ചു കഴിഞ്ഞിട്ടില്ല. കപ്പൽ ജീവനക്കാരെപ്പറ്റി ഒരു വിവരവും ലഭിക്കുന്നില്ലെങ്കിൽ 3-7-1980-നുശേഷം മാത്രമേ നഷ്ടപരിഹാരത്തുക വിതരണം ചെയ്തുകൂടൂ. പക്ഷേ ചോദ്യം എ-നെറ ഉത്തരത്തിൽ പറഞ്ഞപ്രകാരം അഡ്വാൻസ് നൽകാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

## മന്ത്രിമാരുടെ വകുപ്പുകളുടെ പുനർവിഭജനം

*16[17] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെ വകുപ്പുകൾ പുനർവിഭജനം ചെയ്യുവാൻ ഉദ്ദേശിക്കുന്നുവോ;

(ബി) അപ്രകാരമുള്ള പുനർവിഭജനത്തിന് മുഖ്യമന്ത്രി എന്തെങ്കിലും ശ്രമങ്ങൾ നടത്തുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ എന്താണതിന് പ്രേരകമായ കാരണങ്ങൾ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഇല്ല.

(ബി) മുഖ്യമന്ത്രി അത്തരം ഒരു ശ്രമം നടത്തുകയുണ്ടായില്ല.

(സി) ഉദിക്കുന്നില്ല.

## കൊടുങ്ങല്ലൂർ പോലീസ് വെടിവെയ്പ്

*17[18] ശ്രീ. പി. കെ. ശ്രീനിവാസൻ;

,, വി. കെ. രാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിൽ ആഗസ്റ്റ് 6-ാം തീയതി നടന്ന പോലീസ് വെടിവെയ്പിനെ തുടർന്നു ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly